പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4544 — 29.06.2012 ൽ മറുപടിയ്ക്ക്

## നിർദ്ധന ഗ്രാമീണർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | ഉത്തരം<br>ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | നിർധന ഗ്രാമീണർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം എത്ര; വ്യക്തമാക്കുമോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം അനുവദനീയമായ ധനസഹായം 48,500/- രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%). ഇതിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ പൊതുവിഭാഗ ത്തിനും പട്ടികജാതി വിഭാഗത്തിനും നൽകി വന്ന അധിക സഹായം ഉൾപ്പെടെ വീടൊന്നിന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടാ കുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തു കൾ വഹിക്കേണ്ടതാണ്. ഒരു വീടിന് 75,000 രൂപ വീതം ഗവൺമെന്റ് സഹായം നൽകുന്ന കാര്യം ധനവകുപ്പ് പരിശോധിച്ചുവരുന്നു. |
| ബി) | കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനവും വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി വർദ്ധനവും കണക്കിലെ ടുത്ത് പ്രസ്തുത പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കണ മെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകു വാൻ നടപടി സ്വീകരിക്കുമോ; | ബി) | ഐ.എ.വൈ പദ്ധതിപ്രകാരമുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചു നൽകുവാൻ സംസ്ഥാനതലത്തിൽ മറ്റെന്തെ ങ്കിലും നടപടി സ്വീകരിച്ചിട്ടു ണ്ടോ; വ്യക്തമാക്കുമോ? | സി) | തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ